**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2232** **16-03-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗബാധിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ നാളിതുവരെ കോവിഡ് രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ 14 ജില്ലകളിലായി കോവിഡ് ബാധിതരായി 12.03.2022 വരെ ആകെ 12,61,991 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരിൽ എത്ര പേരാണ് കേരളത്തിൽ മരണപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; കോവിഡ് രോഗം മൂർച്ഛിച്ച് ചികിത്സയ്ക്കായി ആശുപത്രി സംവിധാനങ്ങൾ ലഭ്യമല്ലാത്തതിനാൽ എത്ര രോഗികൾ കേരളത്തിൽ മരണപ്പെട്ടിട്ടുണ്ട്; | (ബി) | 12.03.2022 ലെ കണക്ക് പ്രകാരം 57,502 പേർ മരണപ്പെട്ടിട്ടുണ്ട്. ആശുപത്രി സംവിധാനങ്ങളുടെ അപര്യാപ്തത മൂലം രോഗം മൂർച്ഛിച്ച് യഥാസമയം ചികിത്സ ലഭ്യമാകാതെ ആരും തന്നെ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | കോവിഡ് രോഗം മൂർച്ഛിച്ചിട്ടും ആശുപത്രിയിലെത്തി ചികിത്സ തേടാത്തതിനാൽ മരണപ്പെടുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നോ; കോവിഡ് രോഗം മൂർച്ഛിക്കുന്ന രോഗികൾ ആശുപത്രിയിലെത്തി ചികിത്സ തേടുന്നു എന്നു ഉറപ്പാക്കുന്നതിൽ ആരോഗ്യ സംവിധാനം പരാജയപ്പെട്ടിട്ടുണ്ടോ; ഇതു കേരളത്തിൽ കോവിഡ് മരണ നിരക്ക് ഉയരുന്നതിന് കാരണമായോ; വ്യക്തമാക്കുമോ? | (സി) | രോഗം മൂർച്ഛിച്ചിട്ടും ആശുപത്രിയിൽ ചികിത്സയ്ക്ക് എത്താത്തതിനാൽ മരിച്ചവരായി ആരും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. ജീവിതശൈലീ രോഗബാധിതരും മറ്റ് അനുബന്ധ രോഗമുള്ളവരും കോവിഡ് ബാധിതരായാൽ എത്രയും പെട്ടെന്ന് ആശുപത്രിയിലെത്തി ചികിത്സ തേടുവാൻ നിർദ്ദേശിക്കുകയും ഇവർക്കാവശ്യമായ ഗതാഗത സംവിധാനം DPMSU മുഖേന ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇ-സഞ്ജീവനി വഴി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും വീടുകളിൽ ചികിത്സയിൽ കഴിയുന്നവർക്ക് ലഭ്യമാക്കിയിരുന്നു. രോഗം മൂർച്ഛിക്കുന്നവരെ യഥാസമയം ആശുപത്രിയിലെത്തിക്കാനുള്ള റഫറൽ സംവിധാനവും കാര്യക്ഷമമാക്കിയിരുന്നു. കേരളത്തിലെ മികവുറ്റ ആരോഗ്യ സംവിധാനവും ഓക്സിജന്റെ ലഭ്യതയും മറ്റ് ഭൗതിക സാഹചര്യങ്ങളും മരണ നിരക്ക് അമിതമായി വർദ്ധിക്കുന്നത് തടയുവാൻ സഹായകരമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റനുബന്ധ വകുപ്പുകളുടെയും ആശ മുതലായ സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തോടെ കോവിഡ് |

| | | | |
|---|---|---|---|
| | | | മഹാമാരിയെ പ്രതിരോധിക്കുന്നതിൽ കേരളം മികച്ച രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ച വച്ചിട്ടുള്ളത്. ബഹു. സുപ്രീം കോടതി നിർദ്ദേശാനുസരണം കോവിഡ് മരണം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ പുതുക്കി കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് രോഗസങ്കീർണതകളിൽ ഉള്ളവരും മരണ സമയത്ത് കോവിഡ് പോസിറ്റീവ് ആയി കാണപ്പെട്ടവർ, പോസിറ്റീവ് ആയി 30 ദിവസത്തിനകം മരിച്ച എല്ലാവരും, പോസിറ്റീവ് ആയതിനു ശേഷം ഹോസ്പിറ്റലിൽ തന്നെ 30 ദിവസം കഴിഞ്ഞും ഉണ്ടായിരുന്നവർ എല്ലാവരെയും ഉൾപ്പെടുത്താൻ ആരോഗ്യ വകുപ്പ് പ്രത്യേക പോർട്ടൽ രൂപീകരിച്ച് സംവിധാനം തന്നെ ഉണ്ടാക്കി. അർഹതപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കരുതെന്ന കാഴ്ചപ്പാടോടെ എല്ലാവരെയും ഉൾപ്പെടുത്തി. |

സെക്ഷൻ ഓഫീസർ